# മകനേ നിനക്കുവേണ്ടി

കെ. രാജേശ്വരി



മകനേ നിനക്കുവേണ്ടി

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2024, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Blue and Green Music, a painting by Georgia O'Keeffe (1887–1986). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മകനേ നിനക്കുവേണ്ടി



കെ. എം. മാണി

ഭാഗ്യജാതകം എന്നൊന്നുണ്ടെങ്കിൽ അത് നമ്മുടെ മാണിസാറിന്റേതാണ്. പതിനൊന്നുവട്ടം അദ്ദേഹം പാലായിൽ മൽസരിച്ചു. എല്ലാത്തവണയും വിജയിച്ചു. പല പ്രാവശ്യം മന്ത്രിയായി. ആഭ്യന്തരം, ധനകാര്യം, ജലസേചനം, നിയമം, റവന്യൂ വകുപ്പുകൾ കൈയാളി. പ്രഗല്ഭനായ സാമാജികൻ, സമർഥനായ ഭരണാധികാരി, മഹാനായ ജനനേതാവ്, അദ്ധ്വാനവർഗ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്.



ടി. എം. ജേക്കബ്

തിരിച്ചടികൾ ഉണ്ടായിട്ടില്ലെന്നല്ല—1977-ൽ ഹൈക്കോടതി മാണിയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കി, അതിനടുത്ത വർഷം കേസ് ജയിച്ച് അധികാരത്തിൽ മടങ്ങിയെത്തിയപ്പോഴേക്കും പി. ജെ. ജോസഫ് പാർട്ടി പിളർത്തി, പിന്നീട് ടി. എം. ജേക്കബും പി. എം. മാത്യുവും പിന്നിൽനിന്ന് കുത്തി. പക്ഷേ, എല്ലാ പ്രതിസന്ധികളെയും മാണിസാർ അതിജീവിച്ചു. കർത്താവിന്റെ കാരുണ്യം, മെത്രാന്മാരുടെ അനുഗ്രഹം.



പി. ജെ. ജോസഫ്

മുഖ്യമന്ത്രിപദം മാത്രം മരീചികയായി. കഴിവും പ്രാപ്തിയും ഇല്ലാഞ്ഞിട്ടല്ല. ജനപിന്തുണ പോരാഞ്ഞതുമല്ല. പണം പ്രശ്നമേയല്ല. കത്തോലിക്കാ തിരുസഭയുടെ പരിപൂർണ പിന്തുണയുണ്ട്. കരുണാകരനോളം കൗശലക്കാരനുമാണ്. കിം ഫലം? 1979-ൽ കസേരയുടെ തൊട്ടരികിൽ എത്തിയതാണ്. കപ്പിനും ചുണ്ടിനുമിടക്ക് അത് തട്ടിപ്പോയി. 1990-ാമാണ്ടിൽ കേന്ദ്രമന്ത്രിയാവാൻ ദൽഹിയിൽ ചെന്നപ്പോഴുമുണ്ടായി അതേ ദുരനുഭവം. പിന്നെ ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു. പിതാവേ എന്റെ ഇഷ്ടമല്ല അങ്ങയുടെ തിരുഹിതം നിറവേറട്ടെ.



കരുണാകരൻ

ആറു സന്തതികളാണ് മാണി-കുട്ടിയമ്മ ദമ്പതികൾക്ക്. അഞ്ചു പെണ്ണും ഒരാണും. പെൺമക്കളെ എല്ലാവരെയും നല്ല നിലയിൽ കെട്ടിച്ചു. വിത്തിനും നെല്ലിനും കുടി ആകെയുള്ള മകനെ കൊള്ളാവുന്ന സ്ഥിതിയിലെത്തിക്കണമെന്ന് ഏത് അപ്പനാണ് ആഗ്രഹിക്കാത്തത്? തന്റെ കാലശേഷം മലയോര കർഷകർ അനാഥരാകരുത്, തൊപ്പിപ്പാള രാഷ്ട്രീയവും അധ്വാനവർഗ സിദ്ധാന്തവും അന്യാധീനപ്പെട്ടു കയും അരുത്.



പി. സി. തോമസ്

2001-ൽ മകനെ പാലായിൽ നിറുത്തി താൻ കടുത്തുരുത്തിയിലേക്കു മാറാമെന്നാണ് മാണിസാർ കരുതിയത്. സ്വന്തം മകനേക്കാൾ ഓമനിച്ചുവളർത്തിയ പി. സി. തോമസ് ഉടക്കി. പി. എം. മാത്യുവും ജോയി വെട്ടിക്കുഴിയും കലാപക്കൊടി ഉയർത്തി. ഒടുവിൽ കടുത്തുരുത്തി സ്റ്റീഫൻ ജോർജിനും ഇടുക്കി റോഷി അഗസ്റ്റിനും കൊടുത്തു. മാണി പാലായിൽത്തന്നെ മൽസരിച്ചു. ജോമോന് സീറ്റില്ല.



റോഷി അഗസ്റ്റിൻ


മൽസരിച്ച 11-ൽ ഒമ്പത് സീറ്റ് ജയിച്ചിട്ടും മന്ത്രിയായിട്ടും മാണിസാറിന്റെ മനം തണുത്തില്ല. സി. എച്ച്. മുഹമ്മദ്കോയയുടെ മകൻ മരാമത്തുമന്ത്രി, ടി. കെ. ദിവാകരന്റെ പുത്രൻ തൊഴിൽമന്ത്രി, ബാലകൃഷ്ണപിള്ളയുടെ സന്തതി ഗതാഗതമന്ത്രി. കരുണാകരന്റെ മകൻ പാർലമെന്റംഗവും കെ. പി. സി. സി. പ്രസിഡന്റും. ബേബി ജോണിന്റെയും കെ. പി. പ്രഭാകരന്റെയും മക്കൾ എം. എൽ. എമാർ. നമ്മുടെ ചെറുക്കൻ മാത്രം, കർത്താവേ, ഒരിടത്തുമെത്തിയിട്ടില്ല.



സ്റ്റീഫൻ ജോർജ്


മാത്രമോ? ഉരുളച്ചോറു കൊടുത്തു വളർത്തിയ പി. സി. തോമസ് പരിഭവിച്ച് മുഖം വീർപ്പിച്ചു നിൽക്കുന്നു. തൊടുപുഴ കോടതിയിൽ യുവറോണർ വിളിച്ചുനടന്ന കാലത്ത് മാണിസാറാണ് കൈപിടിച്ച് രാഷ്ട്രീയത്തിലിറക്കിയത്. വാഴൂരു നിന്ന് തോറ്റപ്പോൾ വഴിയിലുപേക്ഷിക്കാതെ വീണ്ടും വീണ്ടും പാർലമെന്റിലേക്കു നിറുത്തി ജയിപ്പിച്ചതും മാണി തന്നെ. ഒരാൾക്ക് രണ്ടു പദവി പാടില്ല, സി. എഫ്. തോമസിന്റെ സ്ഥാനത്ത് തന്നെ പാർട്ടി ചെയർമാനാക്കണം എന്നായിരുന്നു പി. സി.-യുടെ ഡിമാന്റ്.

കരിങ്ങോഴക്കൽ മാണി മാണി തന്റെ വിശ്വരൂപം പ്രകടിപ്പിച്ചു. പാർട്ടി ഭരണഘടന ഭേദഗതി ചെയ്തു: ഒരാൾക്ക് എത്ര പദവിയുമാകാം. പി. സി. തോമസിനെ പടിയടച്ച് പിണ്ഡം വെച്ചു. പുകഞ്ഞകൊള്ളി പുറത്ത്.



ഫ്രാൻസിസ് ജോർജ്

2003 ഏപ്രിലിൽ രാജ്യസഭയിലേക്ക് മൂന്ന് ഒഴിവുകൾ വന്നു. രണ്ടെണ്ണം ഐക്യമുന്നണിക്കു കിട്ടും, ഒന്ന് ഇടതിനു പോകും. മാണിസാർ ഒരു സീറ്റു ചോദിച്ചു. കോൺഗ്രസുകാർ ഗൗനിച്ചില്ല. തെന്നല ബാലകൃഷ്ണപിള്ളയും വയലാർ രവിയും സ്ഥാനാർത്ഥികൾ. കരുണാകരൻ കോടോത്ത് ഗോവിന്ദൻ നായരെ റിബലാക്കി നിറുത്തി. ബാലകൃഷ്ണപിള്ളയും ടി. എം. ജേക്കബും കോടോത്തിന് വോട്ട് മറിച്ചു. കെ. എം. മാണി അസ്സലുള്ളവനാണ്. അടുത്ത തവണയെങ്കിലും നീതി കിട്ടും എന്ന പ്രതീക്ഷിച്ച് ആന്റണിക്കൊപ്പം ഉറച്ചുനിന്നു. അങ്ങനെ തെന്നലയും രവിയും ജയിച്ചു. മുന്നണിയും മന്ത്രിസഭയും രക്ഷപ്പെട്ടു.



എം. എം. ജേക്കബ്

2004 മാർച്ചിൽ രാജ്യസഭയിൽ വീണ്ടും മൂന്ന് ഒഴിവുകളുണ്ടായി. മാണി വീണ്ടും സീറ്റ് ചോദിച്ചു. കിട്ടിയില്ല. അടുത്ത തവണ തരാം എന്ന് ഉറപ്പുകൊടുത്തു. ഒരു സീറ്റ് കോൺഗ്രസിൽ ഐക്യമുണ്ടാക്കാൻ കരുണാകരനു നൽകി; മറ്റേത് മുസ്‌ലിംലീഗ് അബ്ദുൽ വഹാബിനു മറിച്ചുവിറ്റു.

രാജ്യസഭയല്ലെങ്കിൽ ലോക്സഭ. മകനെ പാർലമെന്റംഗം ആക്കിയേ അടങ്ങൂ എന്ന് മാണിസാർ ശപഥം ചെയ്തു. മൂവാറ്റുപുഴയിൽ ജോസ്. കെ. മാണി സ്ഥാനാർത്ഥി. ചിഹ്നം രണ്ടില.



ജോസ്. കെ. മാണി

ഐക്യജനാധിപത്യ മുന്നണിയുടെ ഉരുക്കുകോട്ടയാണ് മൂവാറ്റുപുഴ. ജോമോൻ ചെറുപ്പക്കാരൻ, സുന്ദരൻ. പ്രചാരണത്തിന് ആളും അർഥവും വേണ്ടുവോളം. ഭരണസ്വാധീനം വേറെയും. പക്ഷേ, ഒന്നും ഫലവത്തായില്ല. മാണിയുടെ ചിരന്തന വൈരികൾ—പി. ജെ. ജോസഫ്, ടി. എം. ജേക്കബ്, ജോണി നെല്ലൂർ, ബാലകൃഷ്ണപിള്ള, ജോർജ് കെ. മാത്യു, പി. സി. ജോർജ്—മുന്നണിഭേദമെന്യേ പി. സി. തോമസിനെ പിന്താങ്ങി. ചാക്കോച്ചന്റെ മകന് അനുകൂലമായി കത്തോലിക്കാ-നായർ വികാരം പതഞ്ഞുപൊങ്ങി. മുസ്‌ലിംവോട്ടുകൾ അടിപടലേ എൽ. ഡി. എഫിനു പോയി. തോമാച്ചൻ ജയിച്ചു; ജോമോൻ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു.



ബേബി ജോൺ


ജയിച്ചിരുന്നെങ്കിൽ ഇ. അഹമ്മദിനൊപ്പം ജോസ് കെ. മാണിക്കും കേന്ദ്രമന്ത്രിയാകാമായിരുന്നു. എന്തുചെയ്യാം? അനുഭവിക്കാൻ യോഗം വേണം. മക്കളുടെ ഉയർച്ച കണ്ട് ആനന്ദിക്കാൻ അപ്പനമ്മമാർക്കും വേണം ഭാഗ്യം.

വി. വി. രാഘവൻ മരണപ്പെടുകയാൽ 2004 അവസാനം രാജ്യസഭയിൽ ഒരു ഒഴിവുണ്ടായി. അത്തവണയും മാണി അവകാശമുന്നയിച്ച് പി. ജെ. കുര്യൻ സീറ്റ് കൈക്കലാക്കി. മാണിസാർ 'മഞ്ഞി'ലെ വിമലയെപ്പോലെ കാത്തിരിപ്പു തുടർന്നു.



പി. ജെ. കുര്യൻ

2005 മെയ് ഒന്നിന് കെ. കരുണാകരൻ ഉമ്മൻ കോൺഗ്രസുമായുള്ള സകലബന്ധവും അറുത്തുമുറിച്ച് പുതിയ പാർട്ടിയുണ്ടാക്കി. കൂട്ടത്തിൽ രാജ്യസഭാംഗത്വവും രാജിവെച്ചു. മാണിയുടെ പ്രതീക്ഷ വാനോളമുയർന്നു. ഇത്തവണ സീറ്റുകിട്ടും, മകൻ കേന്ദ്രമന്ത്രിയാകും. ഉമ്മൻ ചാണ്ടിയെ വരെ ഞെട്ടിച്ചുകൊണ്ട് എ. കെ. ആന്റണി സീറ്റ് കൈക്കലാക്കി. ആദർശധീരനുള്ളപ്പോൾ പാവം ജോമോനെ ആര് ഗൗനിക്കാൻ?



സുരേഷ് കുറുപ്പ്

മാണി പരിഭവിച്ചു. കഠിനമായി പ്രതിഷേധിച്ചു, കോൺഗ്രസിന്റെ വഞ്ചനക്കെതിരെ ശക്തമായി പ്രതികരിച്ചു. ഉമ്മൻചാണ്ടിയും രമേശ് ചെന്നിത്തലയും അവസരത്തിനൊത്ത് ഉയർന്നു. ഇനി വരുന്ന സീറ്റ് മാണിഗ്രൂപ്പിന് തന്നെ. കാതോലിക്കാബാവയാണെ, നാരായണപ്പണിക്കരാണെ സത്യം, സത്യം!



സി. എഫ്. തോമസ്

എം. എം. ജേക്കബിന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്ന മുറക്ക് തെന്നല ബാലകൃഷ്ണപിള്ള ഗവർണറാകും. അപ്പോൾ ഒഴിവുവരുന്ന രാജ്യസഭാസീറ്റ് കട്ടായമായും മാണിഗ്രൂപ്പിന് നൽകും എന്നൊക്കെയായിരുന്നു വാഗ്ദാനം. എം. എം. ജേക്കബ് ഇപ്പോഴും മേഘാലയത്തിൽ സസുഖം കഴിയുന്നു. തെന്നലച്ചേട്ടൻ രാജ്യസഭയിലും തുടരുന്നു. ആകയാൽ ജോസ് കെ. മാണി കേവലം യൂത്ത് ഫ്രണ്ട് പ്രസിഡന്റായി പാലാ കരിങ്ങോഴക്കലും കഴിഞ്ഞുകൂടുന്നു.



തെന്നല ബാലകൃഷ്ണപിള്ള

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യമുന്നണിക്ക് കനത്ത തിരിച്ചടി നേരിട്ടെങ്കിലും മാണിഗ്രൂപ്പ് പിടിച്ചുനിന്നു. മൽസരിച്ച 11 സീറ്റിൽ ഏഴെണ്ണം ജയിച്ചു. സിറ്റിംഗ് സീറ്റുകൾ രണ്ടെണ്ണമേ നഷ്ടമായുള്ളൂ. കടുത്ത പോരാട്ടത്തിനുശേഷമാണ് കടുത്തുരുത്തി കൈവിട്ടത്, റിബലുണ്ടായതുകൊണ്ടാണ് തിരുവല്ല പോയത്. ഭരണാധികാരം പോയെങ്കിലും കെ. എം. മാണിക്ക് ആശ്വാസത്തിന് വകയുണ്ട്: ജോസഫ് ഗ്രൂപ്പിന് നാലു സീറ്റേ ജയിക്കാൻ കഴിഞ്ഞുള്ളൂ, പി. സി. ജോർജിന് മന്ത്രിസ്ഥാനം കിട്ടിയില്ല, പി. ജെ. ജോസഫ് ആരോപണവിധേയനായി കസേര പോയി—പോയില്ല എന്ന മട്ടിൽ നിൽക്കുന്നു, ബാലകൃഷ്ണപിള്ളയും ജേക്കബും ജോണി നെല്ലൂരും ഡോ. കെ. സി. ജോസഫും തെരഞ്ഞെടുപ്പിൽ തോറ്റു, ടി. എസ്. ജോണിനും ജോർജ് കെ. മാത്യുവിനും ടിക്കറ്റേ കിട്ടിയില്ല.



കെ. സി. ജോസഫ്

2006 ജൂണിൽ രാജ്യസഭയിലേക്ക് മൂന്നു സ്ഥാനങ്ങൾ ഒഴിവുവന്നു. മാണി അവകാശവാദം ഉന്നയിച്ചത് സ്വാഭാവികം. കുഞ്ഞൂഞ്ഞിന്റെ വാക്കും പഴയ ചാക്കും ഒരുപോലെയാണെന്ന് ബോധ്യമായത് അപ്പോഴാണ്. നിയമസഭാതെരഞ്ഞെടുപ്പിൽ വൻ വിജയമുണ്ടാകും, രാജ്യസഭയിലേക്ക് രണ്ടോ മൂന്നോ പേരെ ജയിപ്പിക്കാൻ വേണ്ട സംഖ്യാബലമുണ്ടാകും; അങ്ങനെയെങ്കിൽ ഒരു സീറ്റ് മാണിക്ക് കൊടുക്കാമെന്നാണ് ഉദ്ദേശിച്ചത് എന്നു പറഞ്ഞു, ഉമ്മൻചാണ്ടി. ഇത്തവണ സീറ്റ് പി. ജെ. കുര്യനാണ്. വരുന്ന തവണ മാണിയെ തീർച്ചയായും പരിഗണിക്കും.



കെ. എം. ജോർജ്

പോക്രിത്തരത്തിനും അതിരുവേണം. രാജ്യസഭയിൽ ഇനി ഒഴിവുവരുന്നത് 2009 ഏപ്രിലിൽ ആണ്. അപ്പോഴേക്കും മൻമോഹൻ മന്ത്രിസഭയുടെ കാലാവധി തീരും. പിന്നെ ജോമോൻ എങ്ങനെ മന്ത്രിയാകും? മാത്രമല്ല; ഇനി വരാനിരിക്കുന്ന ഒഴിവുകൾ തെന്നലയുടെയും വയലാർജിയുടേതുമാണ്. തെന്നലക്ക് പ്രായമായി; ഒഴിവാക്കാം. കേന്ദ്രമന്ത്രിയായിരിക്കുന്ന വയലാർ രവിയെ മാറ്റിനിറുത്തി എങ്ങനെ ജോസ് കെ. മാണിയെ രാജ്യസഭയിലേക്കയക്കും? രാജ്യസഭ മാണിപുത്രനു നൽകൂ, ഞാൻ ലോക്സഭയിലേക്കു മൽസരിച്ചോളാം എന്നു പറയാൻമാത്രം ഹൃദയവിശാലത പ്രകടിപ്പിക്കുമോ വയലാർജി? ഇനി, രവി മൽസരിച്ചാൽ ജയിക്കുമെന്ന് ഉറപ്പുള്ള ഏതു മണ്ഡലമുണ്ട് ഭൂമിമലയാളത്തിൽ?



ജോർജ് കെ. മാത്യു

2009 മേയിൽ ജോസ് കെ. മാണിയെ വീണ്ടും ലോക്സഭയിലേക്ക് മൽസരിപ്പിക്കുക എന്നതാണ് ഇനിയുള്ള പോംവഴി. മൂവാറ്റുപുഴ പാർലമെന്റുമണ്ഡലം ഇല്ലാതായിരിക്കുന്നു. ഒന്നുകിൽ ഇടുക്കി, അല്ലെങ്കിൽ കോട്ടയം. ഫ്രാൻസിസ് ജോർജോ പി. സി. തോമസോ ആയിരിക്കും ഇടുക്കിയിൽ ഇടതുപക്ഷ സ്ഥാനാർത്ഥി. ഒരാൾ കെ. എം. ജോർജിന്റെ മകൻ, മറ്റേയാൾ പി. ടി. ചാക്കോയുടെ മകൻ. രണ്ടും അപകടകാരികൾ, കെ. എം. മാണിയുടെ മകനേക്കാൾ എന്തുകൊണ്ടും പ്രാപ്തർ. കത്തോലിക്കാഹൃദയഭൂമി എന്നു പറയാവുന്ന പാലാ, പൂഞ്ഞാർ, കടുത്തുരുത്തി നിയമസഭാമണ്ഡലങ്ങൾ കോട്ടയം പാർലമെന്റുസീറ്റിലാണ് ഉൾപ്പെട്ടിരിക്കുന്നത്. കോട്ടയത്ത് സുരേഷ് കുറുപ്പിനോട് അങ്കം കുറിക്കാനും ജോസ് കെ. മാണി അശക്തൻ. ഭരണമില്ലാത്തതുകൊണ്ട് താസിൽദാർ-ഡെപ്യൂട്ടി കലക്ടർ തലത്തിൽ വിഭവസമാഹരണം നടത്താനും സാധിക്കില്ല.



ഇ. അഹമ്മദ്

വല്ലപാടും ജയിച്ചാലും മന്ത്രിയാകും എന്നതിന് ഉറപ്പില്ല. കോൺഗ്രസിന് ഒറ്റക്ക് ഭൂരിപക്ഷം കിട്ടിയാൽ കൂട്ടുകക്ഷി മന്ത്രിസഭക്ക് പ്രസക്തിയില്ല. എൻ. ഡി. എ. അധികാരം തിരിച്ചുപിടിച്ചാലും നമ്മുടെ കാര്യം കട്ടപ്പുക!



പി. സി. ജോർജ്

മാണിസാറിനിപ്പോൾ വയസ്സ് 73 ആയി. ഇനി എത്രനാൾ എന്ന് കർത്താവുതമ്പുരാനറിയാം. കണ്ണടയും മുമ്പ് മകൻ എന്തെങ്കിലുമൊന്ന് ആയിക്കാണാൻ അതിയാൻ തിടുക്കം കൂട്ടുന്നതിൽ തെറ്റു പറയാൻ മേല. വാക്കുമാറ്റിമാറ്റിപ്പറഞ്ഞ് ആ പാവത്തിനെ പറ്റിക്കുന്നവരോട് ദൈവം പൊറുക്കത്തില്ല. അതുകൊണ്ട് കോൺഗ്രസിന് ഭൂരിപക്ഷമൊള്ള ഏതേലും സംസ്ഥാനത്ത് നിറുത്തി ജോമോനെ രാജ്യസഭാംഗമാക്കണം, കേന്ദ്രമന്ത്രിയാക്കണം. മാണിസാറും കുട്ടിയമ്മച്ചേച്ചിയും മനഃസമാധാനത്തോടെ പൊയ്ക്കോട്ടെ.

## അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014